**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561** **12-12-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിൽ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിൽ 2015- ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയിട്ടുണ്ട്; മാൻഡേറ്ററിയായ വകുപ്പുതല പരിക്ഷകൾ പാസ്സാകാതെ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ ഏന്തെങ്കിലും നിയമ തടസ്സമുണ്ടോ; അറിയിക്കുമോ; | (എ) | എക്സൈസ് വകുപ്പിൽ 2015 ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്ക് ശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മാൻഡേറ്ററിയായി വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വിവിധ കേസ്സുകളിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തടസ്സമുണ്ട്. |
| (ബി) | കേസ്സുകളോ സ്റ്റേയൊ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; ഇവ ഒഴിവാക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ മേൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൻ മേൽ നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേ ഉത്തരവുകൾ ഒരു വർഷം മുതൽ രണ്ട് വർഷം വരെയായി നിലനിൽക്കുന്നു. |
| (സി) | വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുത ഉണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | അബ്കാരി നിയമ പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസുകൾക്ക് നിയമസാധുതയുള്ളതാണ്. |

സെക്ഷൻ ഓഫീസർ